sahakari e magazine

സഹകാരി ഇ – മാഗസിൻ

ജൂലൈ 2011

# സഹകാരി.നെറ്റിന്റെ ഇ – മാഗസിൻ



സി.എൻ. ബാലകൃഷ്ണൻ

സഹകരണ പ്രസ്ഥാനത്തിന്റെ മുഖ്യ ശിൽപി

അന്താരാഷ്ട്ര സഹകരണ ദിനം

2011 ജൂലൈ 2

1st EDITION



Save Paper, Save Tree

ജൂലൈ 2011

**E.D. സാബു**
മാനേജിംഗ് എഡിറ്റർ
സഹകാരി e-മാഗസിൻ
മേലഡൂർ പി.ഒ
തൃശൂർ 680741
(M) 9747300111

sahakari.net@gmail.com

**K.V. രാധാകൃഷ്ണൻ**
(റിട്ട. ജോയിന്റ്
രജിസ്ട്രാർ)
ചീഫ് എഡിറ്റർ

**P.P. ജോർജ്ജ്**
എഡിറ്റർ

**P. രാമചന്ദ്രൻ**
എഡിറ്റർ

**K.M. ചാക്കോ**
എഡിറ്റർ

പ്രിയ സുഹൃത്തേ,

ലോകം കണ്ട ഏറ്റവും വലിയ പ്രസ്ഥാനവും ജീവിത രീതിയുമാണ് സഹകരണം. പരസ്പരമുള്ള സഹകരണം എല്ലാ ജീവജാലങ്ങളുടേയും ഒരു സവിശേഷതയാണ്. ഇത് ഒരു ജീവിത വ്യവസ്ഥിതിയും, പ്രസ്ഥാനവുമായി വളർന്നപ്പോൾ അതിന് കൂടുതൽ സവിശേഷമായ അർത്ഥവും വ്യാപ്തിയും വിജയവും കൈവന്നു. ഇന്ത്യയിൽ കേരളത്തിലാണ് സഹകരണം ഒരു പ്രസ്ഥാനമായി സവിശേഷമായ വളർച്ച കൈവരിച്ചത്. ഇന്ന് കേരളത്തിലെ സഹകരണ പ്രസ്ഥാനം സ്വാധീനം ചെലുത്താത്ത മേഖലകളില്ല. പ്രധാനമായും സഹകരണ ജീവനക്കാരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ 2010 മെയ് 15 ന് ആരംഭിച്ച സഹകാരി.നെറ്റ് അതിന്റെ 1-ാം വാർഷികം കൊണ്ടാടുകയാണ്. കഴിഞ്ഞ ഒരു വർഷം കൊണ്ട് കേരളത്തിലെ സഹകാരികളുടെ ഒരു വലിയ കൂട്ടായ്മ സൃഷ്ടിച്ചെടുക്കാൻ വെബ്സൈറ്റിന്റെ പ്രവർത്തനം കൊണ്ട് സാധിച്ചു.

വെബ്സൈറ്റിന്റെ ഒന്നാം വാർഷികത്തിന് പൊൻതൂവൽ ചാർത്തികൊണ്ട് സൈറ്റിലൂടെ ഒരു സഹകാരി e-മാഗസിൻ ആരംഭിക്കുകയാണ്. സഹകരണ രംഗത്തെ പുത്തൻ വിശേഷങ്ങളുമായി ഇറങ്ങുന്ന സഹകാരി e-മാഗസിൻ സഹകരണ രംഗത്തെ പ്രഗൽഭരായ പലരുടേയും നിസ്വാർത്ഥവും തികച്ചും സൗജന്യവുമായ സഹകരണം കൊണ്ടാണ് സാധ്യമാകുന്നത്. സഹകാരി e-മാഗസിൻ www.sahakari.net എന്ന വെബ്സൈറ്റിലൂടെ തികച്ചും സൗജന്യമായി നേരിട്ടോ, പ്രിന്റ് ചെയ്തതോ വായിക്കാവുന്നതാണ്. കേരളത്തിലെ സഹകരണ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സഹകാരികളുടേയും കൂട്ടായ്മ വളരട്ടെ എന്ന് ആശംസിക്കുന്നു. സൻമനസ്സുകളുടെ സഹകരണവും, നിർദ്ദേശവും, ലേഖനങ്ങളും പ്രതീക്ഷിച്ചുകൊണ്ട്



ഇ.ഡി. സാബു
മാനേജിംഗ് എഡിറ്റർ

സി. എൻ. ബാലകൃഷ്ണൻ
സഹകരണ വകുപ്പുമന്ത്രി
കേരളം

തിരുവനന്തപുരം
തീയതി 14/06/2011



# സന്ദേശം

സഹകരണ രംഗത്ത് പുത്തൻ ആശയങ്ങൾക്കും പ്രവണതകൾക്കും ഉണർവ് നൽകുന്ന സഹകാരി. നെറ്റിന്റെ പ്രവർത്തനങ്ങൾ വിലമതിക്കാനാവാത്തതാണ്. വെബ് സൈറ്റിലൂടെ പുതുതായി ആരംഭിക്കുന്ന സഹകാരി മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. ജൂലൈ ലക്കം മുതൽ ആരംഭിക്കുന്ന ഇന്റർനെറ്റ് മാഗസിൻ സഹകാരികൾക്ക് ഗുണകരമാകുമെന്നതിൽ സംശയമില്ല. വകുപ്പുമായി ബന്ധപ്പെട്ട അറിയിപ്പുകളും മറ്റും മാഗസിൻ വഴി ലഭിക്കുന്നതോടെ സഹകരണമേഖലയെ ജനങ്ങൾക്ക് കൂടുതൽ അടുത്തറിയാൻ സാധിക്കും. ഈ പുതിയ ചുവട് വെയ്പിന് മുഴുവൻ ആശംസകളും നേരുന്നു.

സി.എൻ.ബാലകൃഷ്ണൻ
14/6/2011

ഓഫീസ് : ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001
ഫോൺ-ഓഫീസ് : 2335866, 2333160
വസതി: "പാർട്ണർ", ക്ലിഫ് ഹൗസ് കോമ്പൗണ്ട്, നന്തൻകോട്, തിരുവനന്തപുരം-695 003

ആശംസകളോടെ....
**വെണ്ണൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – 675**
Ph : 0480 2772459, 2770970
**യു. ഒ. സേവ്യാർ** (പ്രസിഡന്റ്) **എം. കെ. രാമകൃഷ്ണൻ** (സെക്രട്ടറി)

ടി. എൻ. പ്രതാപൻ
(കൊടുങ്ങല്ലൂർ)
മെമ്പർ
കേരള നിയമസഭ

സ്ഥലം: തിരുവനന്തപുരം
തീയതി: 14-07-2011



വളരെ സന്തോഷം.....

സഹകാരി ഇ-മാഗസിൻ
പ്രസിദ്ധീകരിക്കുവാൻ മുന്നോട്ട് വന്ന
എന്റെ പ്രിയ സുഹൃത്ത്
ഇ.ഡി. സാബുവിനെ പ്രത്യേകം അഭിനന്ദിക്കുന്നു.
സഹകരണ ജീവനക്കാർക്ക് കൂടുതൽ
വിജ്ഞാനം ലഭിക്കുവാനും പ്രവർത്തന മികവ്
വരുത്തുവാനും ഈ മാഗസിന് കഴിയുമെന്ന്
പ്രതീക്ഷിയ്ക്കുന്നു.

ആശംസകളോടെ,

ടി. എൻ. പ്രതാപൻ
എം. എൽ. എ

ആശംസകളോടെ....
**അന്നമനട സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – 159**
Ph : 2770030 2736154
**വി. എ. അബ്ദുൾ കരീം** (പ്രസിഡന്റ്) **ദിലീപൻ ടി. എസ്.** (സെക്രട്ടറി)

# അന്തർദേശീയ സഹകരണ ദിനം



*കെ.വി. രാധാകൃഷ്ണൻ,*
*റിട്ട. ജോയിന്റ് രജിസ്ട്രാർ*
*ചീഫ് എഡിറ്റർ*

സർവ്വദേശീയ തലത്തിൽ സഹകരണ പ്രസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന സംഘടനയാണ് അന്തർദേശീയ സഹകരണ സഖ്യം (International Co-operative Alliance). ICA എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഈ സംഘടനയിൽ 94 രാഷ്ട്രങ്ങളിൽ നിന്നായി സഹകരണ പ്രസ്ഥാനവുമായി ബന്ധപ്പെട്ട 249 സ്ഥാപനങ്ങൾ അംഗങ്ങളാണ്. ഓരോ വർഷവും ജൂലൈ മാസത്തിലെ ആദ്യത്തെ ശനിയാഴ്ച അന്തർദേശീയ സഹകരണ ദിനം (International Co-operative day) ആചരിക്കുന്നത് ICA യുടെ ആഹ്വാനമനുസരിച്ചാണ്. ഈ ദിവസത്തെ സഹകരണ സംഘങ്ങളുടെ സാർവ്വദേശീയ ദിനം (International day of Co-operation).

2011 ജൂലൈ 2-ാം തിയ്യതി 89-ാമത് അന്തർദേശീയ സഹകരണ ദിനമായി ICA യുടെ നേതൃത്വത്തിൽ ലോകമെമ്പാടുമുള്ള സഹകാരികൾ ആഘോഷിക്കുകയാണ്. ഐക്യരാഷ്ട്ര സംഘടനയുടെ 17-ാമത് "സഹകരണ സംഘങ്ങളുടെ അന്തർദേശീയ ദിനവുമാണ് അന്ന്".




സഹകരണ ദിനാഘോഷങ്ങളുടെ മുഖ്യ വിഷയം ഓരോ വർഷവും ഐക്യരാഷ്ട്ര സംഘടനയും ICAയും സംയുക്തമായി പ്രഖ്യാപിക്കാറുണ്ട്. "യുവത്വം സഹകരണ സംരഭത്തിന്റെ ഭാവി" (Youth the future of Co-operative enterprise) എന്നതാണ് ഈ വർഷത്തെ സഹകരണ ദിനത്തിന്റെ മുഖ്യവിഷയം. ആഗസ്റ്റ് 2010 മുതൽ ഒരു വർഷക്കാലം യുവജനവർഷമായി ഐക്യരാഷ്ട്ര സംഘടന പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിലാണ് സഹകരണ ദിനത്തിലെ പ്രധാന ചർച്ച വിഷയമായി തെരഞ്ഞെടുത്തിട്ടുള്ളത്. യുവാക്കളെ സഹകരണ പ്രസ്ഥാനത്തിലേക്ക് കൂടുതൽ ആകർഷിക്കുന്നതിനും യുവാക്കളുടെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാൻ പ്രസ്ഥാനത്തെ സജ്ജമാക്കുന്നതിനും ഈ സന്ദർഭം വിനിയോഗിക്കപ്പെടുമെന്നതാണ് ഉദ്ദേശിച്ചിട്ടുള്ളത്.

## പുതിയ ചിഹ്നം

ICA രൂപീകരിച്ച് 100 വർഷം തികഞ്ഞ1995 ൽ മാഞ്ചസ്റ്ററിൽ വെച്ച് നടന്ന ശതാബ്ദി കോൺഗ്രസിൽ വെച്ച് ICA അതിന്റെ പുതിയ മുദ്രപതാക, സഹകരണ തത്വങ്ങൾ എന്നിവയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ആറ് വർണ്ണങ്ങളുള്ള മഴവില്ലിന്റെ നാലിലൊന്നു ഭാഗവും അതിന് താഴെ വയലറ്റ് നിറത്തിൽ ICA എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. മഴവില്ലിൽ നിന്ന് അരിപ്രാവുകൾ പറന്നുയരുന്നതുമായ ചിത്രമാണ് പുതിയ ലോഗോ.

ലോഗോയിലെ ഓരോ വർണ്ണങ്ങൾക്കും പ്രത്യേക അർത്ഥ തലങ്ങൾ കൽപ്പിച്ചു നൽകിയിട്ടുണ്ട്.

<u>ചുവപ്പ്</u> - ധൈര്യത്തെ സൂചിപ്പിക്കുന്നു.

<u>ഓറഞ്ച്</u> - സാദ്ധ്യതകളെ കുറിച്ച് ഉൾക്കാഴ്ച നൽകുന്നു.

ആശംസകളോടെ....
**പരിയാരം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ - 593**
Ph : 2746891
**ഉറുമീസ് മാസ്റ്റർ** (പ്രസിഡന്റ്) **കെ.എം. ചാക്കോ** (സെക്രട്ടറി)

മഞ്ഞ - തിരികൊളുത്തിയ വെല്ലുവിളിയെ പ്രതിനിധീകരിക്കുന്നു.

പച്ച - അംഗ സംഖ്യയെയും സഹകരണത്തിന്റെ ലക്ഷ്യത്തേയും മൂല്യങ്ങളേയും കുറിച്ചുള്ള ധാരണയും വളർത്തിയെടുക്കുന്നതിനായി യത്നിക്കുക എന്ന വെല്ലുവിളിയെയും വളർച്ചയെയും പ്രതിനിധീകരിക്കുന്നു.

ആകാശ നീല - വിദൂര സീമകൾ ഹതഭാഗ്യരായ ജനങ്ങൾക്ക് വിദ്യാഭ്യാസവും സഹായവും നൽകേണ്ടതിന്റേയും ആഗോള ഐക്യത്തിനായി പ്രയത്നിക്കേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുന്നു.

കടും നീല - സഹകരണത്തിന്റെ പ്രയോജനം ആവശ്യമുള്ളവരായ ലോകത്തെ ഹതഭാഗ്യരെ പറ്റി നമ്മെ ഓർമ്മപ്പെടുത്തുന്നു. വിഷാദാത്മകതയെ ദ്യോതിപ്പിക്കുന്നു.

വയലറ്റ് - ഊഷ്മളത, സൗന്ദര്യം, സഹൃദം എന്നിവയുടെ നിറം.

സമാധാനത്തിന്റെ മാടപ്രാവുകൾ മഴവില്ലിൽ നിന്ന് പറന്നുയരുന്ന ഈ ചിഹ്നം ICA യുടെ വൈവിധ്യമാർന്ന അംഗത്വത്തിന്റെ ഏകത്വത്തെയും സൂചിപ്പിക്കുന്നതാണ്.

## പുതിയ പതാക

ഫ്രഞ്ച് സഹകാരിയായിരുന്ന ചാൾസ് ജിസ് രൂപ കൽപ്പന ചെയ്തതും 1925 ൽ ICA അംഗീകരിച്ചിട്ടുള്ളതുമായ സപ്തവർണ്ണത്തിലുള്ള പതാകയാണ്. ലോക സഹകരണ പ്രസ്ഥാനത്തിന്റെ നാളിതുവരേയായി സ്വീകരിച്ചു വന്നത്. സവർഗ്ഗ രതിക്കാരുടെ സംഘടനകൾ ഇതേ സാദൃശ്യമുള്ള പതാക ഉപയോഗിച്ചു വന്നിരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 1995 ICA പുതിയ പതാകയ്ക്ക് രൂപം നൽകുകയുണ്ടായി. ശുഭ്രപ്രതലത്തിൽ ICA യുടെ ലോഗോ മുദ്രണം ചെയ്ത പുതിയ പതാകയാണ് പഴയതിനു പകരമായി 2001 ൽ ഏപ്രിൽ മുതൽ ICA ഉപയോഗിച്ചു വരുന്നത്.

ഓരോ രാജ്യത്തിലേയും സഹകരണ പ്രസ്ഥാനത്തിന്റെ ഭാഗമായ സ്ഥാപനങ്ങൾ പഴയ പതാകയോ പുതിയ പതാകയോ ആവശ്യമായ മാറ്റത്തോടെ അവർക്ക് യുക്തമായെന്ന് തോന്നുന്ന രീതിയിൽ ഉപയോഗിക്കാവുന്നത് ICA അനുവദിക്കുന്നുണ്ട്.

## സഹകരണ ഐഡന്റിറ്റി

മാഞ്ചസ്റ്ററിൽ വെച്ച് 1995 ൽ ചേർന്ന ശതാബ്ദി കോൺഗ്രസിൽ വച്ച് സഹകരണ അനന്യത (Co-operative Identity) കുറിച്ചുള്ള പ്രഖ്യാപനവും ICA നടത്തിയിട്ടുണ്ട്. സഹകരണത്തിന്റെ നിർവചനം, മൂല്യങ്ങൾ, തത്വങ്ങൾ എന്നിവ അടങ്ങിയതാണ് സഹകരണ അനന്യത. മറ്റു സ്ഥാപനങ്ങളിൽ നിന്ന് പ്രസ്ഥാനത്തെ വ്യതിരിക്തമാക്കുന്നതും മറ്റൊന്നല്ല.

I നിർവചനം : കൂട്ടുടമസ്ഥതയിലും ജനാധിപത്യ നിയന്ത്രണത്തിലുമുള്ള സംരഭത്തിലൂടെ പൊതുവായ സാമ്പത്തികവും, സാമൂഹികവും സാംസ്കാരികമായ ആവശ്യങ്ങളും ആഗ്രഹങ്ങളും സാധിക്കുന്നതിനു വേണ്ടി സ്വമേധയ സംഘടിപ്പിക്കുന്ന വ്യക്തികളുടെ സ്വയം ഭരണാധികാര സംഘടനായണ് ഒരു സഹകരണ സ്ഥാപനം.

II മൂല്യങ്ങൾ : സ്വാശ്രയത്വം, ഉത്തരവാദിത്വം, ജനാധിപത്യം, നീതി, ഐക്യം എന്നീ മൂല്യങ്ങളിൽ അധിഷ്ഠിതമാണ് സഹകരണം. സ്ഥാപകരുടെ പാരമ്പര്യത്തിനുസൃതമായി വിശ്വാസ്യത, സുതാര്യത, സാമൂഹ്യ ഉത്തരവാദിത്വം, അന്യരോടുള്ള സഹാനുഭൂതി എന്നീ ധാർമ്മിക മൂല്യങ്ങളിൽ സഹകരണ

ആശംസകളോടെ....
ചാലക്കുടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ –192
Ph: H.O: 2701266, Br: 2704655
വി.എൽ. ജോൺസൻ (പ്രസിഡന്റ്) 9048751835
എം.വി. ശ്രീനിവാസൻ (സെക്രട്ടറി) 9446144346

സ്ഥാപനങ്ങളിലെ അംഗങ്ങൾ വിശ്വസിക്കുന്നു.

III തത്വങ്ങൾ : സഹകരണ സ്ഥാപനങ്ങൾ അവയുടെ മൂല്യങ്ങൾ പ്രയോഗത്തിൽ കൊണ്ടുവരുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ആണ്.

സഹകരണ തത്വങ്ങൾ

1. സ്വമേധയയും തുറന്നതുമായ അംഗത്വം

2. അംഗങ്ങളുടെ ജനാധിപത്യ നിയന്ത്രണം

3. അംഗങ്ങളുടെ സാമ്പത്തിക പങ്കാളിത്തം

4. സ്വയം ഭരണവും സ്വാതന്ത്ര്യവും

5. വിദ്യാഭ്യാസവും പരിശീലനവും അറിവും

6. സഹകരണ സംഘങ്ങൾ തമ്മിലുള്ള സഹകരണം

7. സമൂഹത്തോടുള്ള പരിഗണന

## സഹകരണ ദിനാഘോഷങ്ങളുടെ ലക്ഷ്യവും രീതിയും

ആദ്യത്തെ അന്തർദേശീയ സഹകരണ ദിനം ICA 1923 ലാണ് ആഘോഷിച്ചത്. സഹകരണത്തെകുറിച്ചുള്ള അവബോധം വളർത്തുക. പ്രസ്ഥാനത്തിന്റെ വളർച്ചയേയും, സർവ്വദേശീയ ഐക്യം, സാമ്പത്തിക കാര്യക്ഷമത, സമത്വം, ലോകസമാധാനം എന്നീ ആദർശങ്ങളേയും പ്രോത്സാഹിപ്പിക്കുക എന്നിവയാണ് സഹകരണ ദിനത്തിന്റെ ലക്ഷ്യം. ലോക സഹകരണ പ്രസ്ഥാനവും സർക്കാർ ഉൾപ്പെടെയുള്ള മറ്റു സംവിധാനങ്ങളും തമ്മിലുള്ള പങ്കാളിത്തം. പ്രാദേശിക - ദേശീയ - സർവ്വദേശീയ തലങ്ങളിൽ ശക്തിപ്പെടുത്തുകയും, വിപുലപ്പെടുത്തുകയും ചെയ്യുക എന്നതും സഹകരണ ദിനത്തിന്റെ ലക്ഷ്യങ്ങളിൽ പെടുന്നു.

ലോകമെമ്പാടുമുള്ള സഹകാരികൾ പലതരത്തിലാണ് ഈ ദിനം കൊണ്ടാടുന്നത്. ICA യും, ഐക്യരാഷ്ട്ര സംഘടനയും അതത് വർഷം നൽകുന്ന സന്ദേശത്തിന് പ്രചാരം നൽകുക എന്നത് ഇതിൽ മുഖ്യമാണ്.സഹകരണ പ്രസ്ഥാനത്തേയും അതിന്റെ സംഭാവനകളേയും പറ്റി അവബോധം സൃഷ്ടിക്കുന്നതിന് പത്രമാധ്യങ്ങളേയും മറ്റും ഉപയുക്തമാക്കുക, സഹകരണ മേളകൾ, പ്രദർശനങ്ങൾ, പ്രചാരണ പ്രവർത്തനങ്ങൾ നടത്തുക ഏജൻസികളുമായി സഹരിച്ച് രക്തദാന ക്യാമ്പുകൾ, വൃക്ഷ തൈ നടൽ തുടങ്ങിയ കാര്യങ്ങൾ ചെയ്യുക, വിവിധ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുക എന്നിങ്ങനെ വൈവിധ്യമാർന്ന രീതിയിലാണ് സഹകാരികൾ സഹകരണ ദിനം ആഘോഷിക്കുന്നത്.

2012 International Year of Cooperatives

“സഹകരണ സംരഭങ്ങൾ ഒരു ശ്രേഷ്ഠ ലോകം നിർമ്മിക്കുന്നു” (Co-operative enterprises build a better world) എന്ന മുദ്രാവാക്യവുമായി ഐക്യരാഷ്ട്ര സംഘടനയുടെ ആഹ്വാനമനുസരിച്ച് 2012 സഹകരണ വർഷമായി ലോകമെമ്പാടും ആചരിക്കാനിരിക്കേയാണ് ഈ തവണത്തെ സഹകരണ ദിനാഘോഷങ്ങൾ നടക്കുന്നത് എന്ന പ്രത്യേകത കൂടിയുണ്ട്.

ആശംസകളോടെ....
ഏറിയാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – 98
Ph : 2746891
പി. ബി. അബ്ദു (പ്രസിഡന്റ്)    ഇ. എ. നഫീസ (സെക്രട്ടറി)

# അർഹതയുടെ അംഗീകാരമായി പ്രസ്ഥാനത്തിന്റെ മുഖ്യശില്പി അധികാരത്തിന്റെ രാജവീഥിയിൽ

*പി. രാമചന്ദ്രൻ*
*എഡിറ്റർ*

അർഹതയുടെ അംഗീകാരമായി 2011ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ വടക്കാഞ്ചേരിയിൽ നിന്ന് വിജയിച്ച സി.എൻ. ബാലകൃഷ്ണൻ കന്നിക്കാരനെങ്കിലും സഹകരണമന്ത്രിയാക്കി തെരഞ്ഞെടുക്കുകയായിരുന്നു. കഴിഞ്ഞ കാലങ്ങളിൽ അദ്ദേഹം നേതൃത്വം നല്കിയ മേഖലകളെകുറിച്ച് ഏതാനും വാക്കുകൾ.



കേരള രാഷ്ട്രീയരംഗത്ത് സമാനതകളില്ലാത്ത രാഷ്ട്രീയ നേതാവാണ് സി.എൻ. ബാലകൃഷ്ണൻ. കർഷകനായി, ഖാദിതൊഴിലാളിയായി, ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ ഭാരവാഹിയായി സാമൂഹ്യ രാഷ്ട്രീയരംഗത്ത് പ്രവർത്തനം ആരംഭിച്ച സി.എൻ. ബാലകൃഷ്ണൻ തന്റെ ആറ് പതിറ്റാണ്ട് കാലത്തെ സാമൂഹ്യ പ്രവർത്തനരംഗത്ത് പാർലമെന്ററി നേതൃത്വത്തിലേക്ക് വരാതെ തന്നെ സംഘടനാരംഗത്തും, സഹകരണരംഗത്തും പ്രവർത്തിച്ച് ഏതൊരു ജനപ്രതിനിധിയെക്കാളും ജനങ്ങളും, രാഷ്ട്രീയ പ്രവർത്തകരും ഇഷ്ടപ്പെടുന്ന വ്യക്തിയായി മാറാൻ കഴിഞ്ഞു.

## സഹകരണപ്രസ്ഥാനത്തിന്റെ മുഖ്യശിൽപ്പി

അടാട്ട് ഫാർമേഴ്സ് ബാങ്കിന്റെ ഡയറക്ടറായി സഹകരണ പ്രസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ച സി.എൻ. തൃശൂർ ജില്ലാ മിൽക്ക് സപ്ലൈ യൂണിയൻ പ്രസിഡന്റ്, തൃശൂർ ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ്, പാഡി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റ്, ജില്ലാ കോൾ കർഷക സംഘം പ്രസിഡന്റ്, പരിയാരം മെഡിക്കൽ കോളേജ് ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സഹകരണ സെല്ലിന്റെ പ്രധാനനേതാവായി സഹകരണ രംഗത്ത് ഇപ്പോഴും നിരവധി പ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം വഹിക്കുന്നു. തൃശൂർ



തൃശൂർ ജില്ലാ സഹകരണ ബാങ്ക് ആസ്ഥാനം



കേരള ഖാദി ഗ്രാമവ്യവസായ അസോസിയേഷൻ

ജില്ലയിലെ നാമാവശേഷമാവുമായിരുന്ന നിരവധി പ്രാഥമിക സംഘങ്ങളെ രക്ഷപ്പെടുത്തിയത് സി. എൻ. ബാലകൃഷ്ണൻ ജില്ലാ ബാങ്ക് പ്രസിഡന്റ് ആയിരിക്കുമ്പോൾ ആണ്. തൃശൂർ ജില്ലയുടെ സഹകരണ പ്രസ്ഥാനത്തിന് അഭിമാനമായി തലയുയർത്തിനിൽക്കുന്ന ജില്ലാ ബാങ്കിന്റെ ആസ്ഥാനവും ജവഹർലാൽ അന്തരാഷ്ട്രീയ കൺവെൻഷൻ സെന്ററും സി.എൻ. ബാലകൃഷ്ണന്റെ സംഭാവനയാണ്.

ആശംസകളോടെ....
കാട്ടൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – 426
Ph : 2877367
വർഗ്ഗീസ് പുത്തനങ്ങാടി (പ്രസിഡന്റ്) ടി.വി. വിജയകുമാർ (സെക്രട്ടറി)

# C.N. Balakrishnan



## കറകളഞ്ഞ സാമൂഹ്യപ്രവർത്തകൻ

രാഷ്ട്രീയരംഗത്ത് സജീവമായിരിക്കുമ്പോഴും, മറ്റ് സാമൂഹ്യ മേഖലകളിലും സജീവമായി പ്രവർത്തിച്ചിരുന്ന ആളാണ് സി.എൻ. ഭാരത് സേവക് സമാജിന്റെ തൃശൂർ ജില്ലാ ട്രഷറർ, തൃശൂർ ജില്ലാ സിറ്റി സൺസ് ഫോറത്തിന്റെ കൺവീനർ എന്നീ സ്ഥാനങ്ങൾ അദ്ദേഹം വഹിച്ചിട്ടുണ്ട്. ആചാര്യവിനോബാജിയുടെ ഭൂദാനം മൂവ്മെന്റിന്റെ ഭാഗമായി കേരളത്തിൽ നടത്തിയ 45 ദിവസ്സത്തെ പദയാത്രയുടെ മുഖ്യസംഘാടകനും അംഗവും ആയിരുന്നു ശ്രീ. സി.എൻ. ബാലകൃഷ്ണൻ

## വി.ആർ. കൃഷ്ണനെഴുത്തച്ഛന്റെ അനുയായിയായി ഖാദി പ്രസ്ഥാനത്തിലേക്ക്

രാഷ്ട്രീയരംഗത്തെ തന്റെ ഗുരുനാഥനായ ശ്രീ. വി.ആർ. കൃഷ്ണനെഴുത്തച്ഛന്റെ പാത പിന്തുടർന്ന് ഖാദി പ്രസ്ഥാനത്തിലേക്ക് കടന്ന് വരികയും ഒരു സാധാരണ തൊഴിലാളിയായി പ്രവർത്തനം ആരംഭിച്ച സി.എൻ. ഇന്ന് വി.ആർ. തുടങ്ങിവച്ച കേരള ഖാദി & ഗ്രാമവ്യവസായ അസോസിയേഷന്റെ പ്രസിഡന്റായി ഇപ്പോഴും പ്രവർത്തിച്ച് കൊണ്ടിരിക്കുന്നു. 2000-ത്തോളം സ്ത്രീകൾക്ക് ഖാദി മേഖലയിൽ ഇപ്പോഴും തൃശൂർ ജില്ലയിൽ തൊഴിൽ ലഭിക്കുന്നത് സി.എൻ. ന്റെ അശ്രാന്ത പരിശ്രമം കൊണ്ടാണ്. കേരളത്തിലെ ഖാദി പ്രസ്ഥാനങ്ങളുടെ ഫെഡറേഷനായ കേരള ഖാദി & ഗ്രാമവ്യവസായ ഫെഡറേഷന്റെ സംസ്ഥാന പ്രസിഡന്റ് ആയി പ്രവർത്തിക്കുന്നു. ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് രംഗത്തെ ഇന്ത്യയിലെ മികച്ച സ്ഥാപനത്തിനുള്ള 2008ലെ നാഷണൽ അവാർഡ് സി.എൻ. പ്രസിഡന്റായ ഖാദി & ഗ്രാമവ്യവസായ അസോസിയേഷനാണ് ലഭിച്ചത്. കേന്ദ്ര സർക്കാരിന്റെ സഹകരണത്തോടെ ഖാദി മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നിരവധി പ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകുന്നു.



ഖാദി നൂൽനൂൽപ്പ് കേ...



അവിണിശ്ശേരി ഖാദി കേന്ദ്രം

## ആദർശധീരനും, കർമ്മശേഷിയും ഉള്ള രാഷ്ട്രീയ പ്രവർത്തകൻ

സ്വന്തം ജീവിതം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പ്രസ്ഥാനത്തിന് വേണ്ടി ഉഴിഞ്ഞ് വെച്ച ആദർശധീരനായ രാഷ്ട്രീയ പ്രവർത്തകനാണ് സി.എൻ. തൃശൂർ ജില്ലാ കോൺഗ്രസ്സ് കമ്മറ്റി ട്രഷറർ, ജില്ലാ വൈസ് പ്രസിഡന്റ്, 15 വർഷക്കാലം തൃശൂർ ജില്ലാ കോൺഗ്രസ്സ് കമ്മറ്റി പ്രസിഡന്റ് കെ.പി.സി.സി.യുടെ ട്രഷറർ എന്നീ നിലകളിൽ കോൺഗ്രസ്സ് പ്രസ്ഥാനത്തെ തൃശൂർ ജില്ലയിലും കേരളത്തിലും ശക്തമായി നിലനിർത്താൻ അദ്ദേഹം അഹോരാത്രം പണിയെടുത്തിട്ടുണ്ട്. തൃശൂർ ജില്ലയിലെ

ആശംസകളോടെ....
ആവിണിശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – 400
Ph : 0487-4594035
കെ. ശങ്കരൻ (പ്രസിഡന്റ്) ടി.ആർ. ബാലചന്ദ്രൻ (സെക്രട്ടറി)

## 1969 ലെ കേരള സഹകരണ സംഘം നിയമം ഭേദഗതി 2010
## 28 – 4 – 2010 തീയതിയിലെ
## കേരള സര്‍ക്കാര്‍ സാധാരണ ഗസ്റ്റ് നമ്പര്‍ 1033
## 28.4.2010 ലെ കേരള സര്‍ക്കാര്‍ വിജ്ഞാപനം നമ്പര്‍ 14953
### Leg. B2/09/Law



*ഇ.ഒ. തങ്കപ്പന്‍*
*റിട്ട. ജോയിന്റ് രജിസ്ട്രാര്‍*

I. വകുപ്പ് 2 ഭേദഗതി

മൂലനിയമം വകുപ്പ് (2) ല്‍ 'ഇസി'ക്ക് ശേഷം 'ഇസിസി' ഉള്‍പ്പെടുത്തല്‍"(ഇ.സി.സി.) സഹകരണ ഓംബുട്സ്മാന്‍ എന്നാല്‍ വകുപ്പ് (69) എ ഉപവകുപ്പ് (2) പ്രകാരം നിയമിക്കപ്പെടുന്ന വ്യക്തിയോ വ്യക്തികളോ എന്നര്‍ത്ഥമാകുന്നു."

II. എച്ച് ബിക്ക് താഴെ പറയുന്നത് പകരം ചേര്‍ക്കുക

'എച്ച് ബി' ഡയറക്ടര്‍ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ് എന്നാല്‍ വകുപ്പ് 63 (1) പ്രകാരം നിയമിക്കപ്പെട്ടതും വകുപ്പ് 63 ഉപവകുപ്പ് (3) പ്രകാരം സര്‍ക്കാര്‍ പൊതുവായോ പ്രത്യേകമായോ ഡയറക്ടര്‍ കോ-ഓപ്പറേറ്റീവ് ആഡിന്റെ എല്ലാമോ ഏതെങ്കിലുമോ അധികാരം പകര്‍ന്ന് നല്‍കിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്‍ എന്നര്‍ത്ഥമാകുന്നു.

III. 'ഐബി'യില്‍ കൂടി ഉള്‍പ്പെടുത്തല്‍

വ്യക്തികള്‍ എന്ന പദത്തിനു മുമ്പ് സര്‍ക്കാര്‍ എന്നപദം കൂടി ചേര്‍ക്കുക

IV. ഖണ്ഡിക 'എല്‍' ന് ശേഷം 'എല്‍എ' ഉള്‍പ്പെടുത്തല്‍ (എല്‍എ) പലവക സംഘം എന്നാല്‍ നിര്‍ണ്ണയിക്കപ്പെട്ടവിധം കാര്‍ഷിക പദ്ധതി വായ്പകള്‍ ഒഴികെ അംഗങ്ങളില്‍ നിന്ന് മാത്രം നിക്ഷേപങ്ങള്‍ സ്വീകരിക്കുകയും കാര്‍ഷിക വായ്പ പദ്ധതി ഒഴികെ അംഗീകരിക്കപ്പെട്ട നിബന്ധന പ്രകാരം അംഗങ്ങളുടെ ക്ഷേമപ്രവര്‍ത്തനങ്ങള്‍ ഏറ്റെടുത്ത് നടത്തുകയും 1881ലെ നെഗോഷ്യബിള്‍ ഇന്‍സ്ട്രമെന്റ് നിയമം (1881 ലെ കേന്ദ്രനിയമം 26) പ്രകാരം പ്രവര്‍ത്തിക്കാത്തതുമായ സംഘം എന്നര്‍ത്ഥമാകുന്നു. IV. ഖണ്ഡിക 'എല്‍' ന് ശേഷം 'എല്‍എ' ഉള്‍പ്പെടുത്തല്‍ (എല്‍എ) പലവക സംഘം എന്നാല്‍ നിര്‍ണ്ണയിക്കപ്പെട്ട വിധം കാര്‍ഷിക പദ്ധതി വായ്പകള്‍ ഒഴികെ അംഗങ്ങളില്‍ നിന്ന് മാത്രം നിക്ഷേങ്ങള്‍ സ്വീകരിക്കുകയും കാര്‍ഷിക വായ്പ പദ്ധതി ഒഴികെ അംഗീകരിക്കപ്പെട്ട നിബന്ധനപ്രകാരം അംഗങ്ങളുടെ ക്ഷേമപ്രവര്‍ത്തനങ്ങള്‍ ഏറ്റെടുത്ത് നടത്തുകയും 1881 ലെ നെഗോഷ്യബിള്‍ ഇന്‍സ്ട്രമെന്റ് നിയമ (1881 ലെ കേന്ദ്രനിയമം 26) പ്രകാരം പ്രവര്‍ത്തിക്കാത്തതുമായ സംഘം എന്നര്‍ത്ഥമാകുന്നു.

V. വകുപ്പ് 2 ഖണ്ഡിക 'ഒഎ' ക്ക് പകരം താഴെ പറയുന്നത് ചേര്‍ക്കുക

('ഒഎ') പ്രാഥമിക കാര്‍ഷിക വായ്പാസംഘം എന്നാല്‍ ഒരു ഗ്രാമപഞ്ചായത്ത് അഥവാ മുന്‍സിപ്പാലിറ്റിയോ പ്രവര്‍ത്തന പരിധിയുള്ളതും കാര്‍ഷിക വായ്പാ പ്രവര്‍ത്തനങ്ങള്‍ എറ്റെടുത്ത് നടത്തുകയെന്ന മുഖ്യലക്ഷ്യത്തോടെ രജിസ്ട്രാര്‍ നിജപ്പെടുത്തുന്നപലിശ നിരക്കില്‍ കാര്‍ഷിക ആവശ്യങ്ങള്‍ക്ക് വായ്പകളോ അഡ്വാന്‍സുകളോ നല്‍കുന്ന സര്‍വ്വീസ് സഹകരണസംഘം സര്‍വ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ഫാര്‍മേഴ്സ് സര്‍വ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കും റൂറല്‍ ബാങ്കും എന്നര്‍ത്ഥമാകുന്നു.

എന്നിരുന്നാലും 1999 ലെ 1/2000 ഭേദഗതി പ്രാബല്യത്തില്‍ വന്ന സമയത്ത് നിലവിലുള്ള സംഘങ്ങള്‍ക്കോ ബാങ്കുകള്‍ക്കോ പ്രവര്‍ത്തന പരിധി സംബന്ധിച്ച നിയന്ത്രണം ബാധകമല്ല.

എന്നാല്‍ മേല്‍പറഞ്ഞ പ്രധാന ഉദ്ദേശങ്ങള്‍ സഫലീകരിക്കാനാകാത്ത പക്ഷം അപ്രകാരമുള്ള പ്രാഥമിക കാര്‍ഷിക വായ്പാ സംഘങ്ങളെ സംബന്ധിച്ച് നിലവിലുള്ള ജീവനക്കാരുടെ എണ്ണം ഒഴികെ നിയമത്തിലും ചട്ടത്തിലും ബൈലോയിലും അനുശാസിക്കുന്ന എല്ലാ സ്വഭാവങ്ങളും നഷ്ടപ്പെടുന്നതാണ്.

VI. ഖണ്ഡിക 'ടിഎ'ക്ക് ശേഷം 'ടിഎഎ' കൂട്ടിച്ചേര്‍ക്കല്‍ ('ടിഎഎ') അര്‍ബന്‍ സഹകരണസംഘം എന്നാല്‍ ഒരു മുന്‍സിപ്പാലിറ്റിയോ കോര്‍പ്പറേഷനോ പ്രവര്‍ത്തനപരിധിയായിട്ടുള്ളതും കാര്‍ഷികേതര വായ്പ

ആശംസകളോടെ....
**കേരള കോ–ഓപ്പറേറ്റീവ് എംപ്ലോയീസ് ഫ്രണ്ട്**
**മുകുന്ദപുരം താലൂക്ക് കമ്മറ്റി**
**ടി.എസ്. ദിലീപന്‍** (പ്രസിഡന്റ്) **ദിപുജോസ്** (സെക്രട്ടറി)

പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക എന്ന മുഖ്യ ഉദ്ദേശത്തോടെ ഫണ്ട് സ്വരൂപിച്ച് അംഗങ്ങൾക്ക് വായ്പ നൽകുകയും ചെയ്യുന്ന സഹകരണ സംഘമെന്നർത്ഥമാകുന്നു.

എന്നാൽ നിലവിലുള്ള അർബൻ സഹകരണസംഘങ്ങളെ സംബന്ധിച്ച് പ്രവർത്തന പരിധി നിയന്ത്രണം ബാധകമാക്കേണ്ടതില്ല.

4. വകുപ്പ് 6 ൽ ഭേദഗതി - മൂലനിയമം വകുപ്പ് 6 ൽ ഉപവകുപ്പ് (2) ഖണ്ഡിക 'സി'യിൽ വ്യക്തികൾ എന്ന വാക്കുകൾക്ക് ശേഷം 16-ാം വകുപ്പ് ഉപവകുപ്പ് (1) ഖണ്ഡിക (എ) ൽ അധികാരപ്പെടുത്തിയ വ്യക്തിയും എന്ന് കൂട്ടിച്ചേർക്കേണ്ടതാണ്.

5. വകുപ്പ് 9-ൽ ഭേദഗതി - മൂലനിയമം വകുപ്പ് 9-ൽ താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക എന്നിരുന്നാലും അംഗങ്ങളുടേയും പൊതുജനങ്ങളുടേയും സാമ്പത്തികവും സാമൂഹികവുമായ ഉന്നതിക്കുവേണ്ടി സംഘത്തിന്റെ പ്രവർത്തനത്തെ ക്രമപ്പെടുത്തുന്നതിനും നിയന്ത്രിക്കുന്നതിനും സർക്കാരിനും രജിസ്ട്രാർക്കും അധികാരമുണ്ടായിരിക്കും.

6. (i) വകുപ്പ് 28 ഭേദഗതി (1) മൂലനിയമം വകുപ്പ് 28ൽ ഉപവകുപ്പ് (1) ൽ മൂന്നും നാലും വ്യവസ്ഥകൾ വിട്ടുകളയുക.

(ii) ഉപവകുപ്പ് (1 'എ') താഴെ പറയുന്നത് ചേർക്കുക.

(1 എ) സംഘം ബൈലോയിൽ എന്തുതന്നെ പറഞ്ഞിരുന്നാലും പ്രാഥമിക സഹകരണസംഘങ്ങളുടെ ഭരണസമിതിയിൽ ഏഴിൽ കുറയാതെയും പതിമൂന്നിൽ കവിയാതെയും മറ്റ് എല്ലാത്തരം സംഘങ്ങളിലെ ഭരണസമിതിയിൽ ഇരുപത്തഞ്ചിൽ കവിയാതെയും അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(iii) ഉപവകുപ്പ് (1 എ) ക്ക് ശേഷം താഴെ പറയുന്നത് ഉൾപ്പെടുത്തുക. എന്നാൽ 2010 ലെ കേരള സഹകരണ ഭേദഗതി നിയമം പ്രാബല്യത്തിൽ വരുന്നതിന്നമുൻപ് രൂപീകരിക്കപ്പെട്ട പ്രാഥമിക സഹകരണ സംഘങ്ങളിലെ ഭരണസമിതികളിൽ പതിനഞ്ചിൽ കവിയാത്ത അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(iv) '1 ബി' ക്ക് ശേഷം '1 സി' ഉൾപ്പെടുത്തൽ

(iv) ('1 സി') ഒരു പ്രാഥമിക കാർഷിക വായ്പാ സംഘത്തിന്റെയോ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെയോ ബൈലോയിൽ എന്തുതന്നെ പറഞ്ഞിരുന്നാലും പതിനായിരം രൂപയോ കൂടുതലോ നിക്ഷേപമുള്ള അംഗങ്ങൾക്ക് ഓരോ സൊസൈറ്റിയിലെ ഭരണസമിതിയിൽ ഒരു സീറ്റ് സംവരണം ചെയ്യേണ്ടതാണ്.

(v) ഉപവകുപ്പ് (2) ഖണ്ഡിക 'എ'യിൽ പകരം ചേർക്കൽ സമാനസ്വഭാവമുള്ള മറ്റു സംഘം എന്ന വാക്കുകളുടെ സ്ഥാനത്ത് സമാനസ്വഭാവമുള്ള ഒന്നിൽക്കൂടുതൽ സംഘത്തിൽ എന്നാക്കണം.

(vi) ഉപവകുപ്പ് (2) ഖണ്ഡിക 'ബി' യിൽ താഴെപ്പറയുന്നത് പകരം ചേർത്ത് വ്യത്യസ്ത സ്വഭാവമുള്ള രണ്ടോ രണ്ടിൽ കൂടുതലോ സംഘങ്ങൾ എന്നീ വാക്യങ്ങൾക്ക് പകരം രണ്ടിൽ കൂടുതൽ വ്യത്യസ്ത സംഘങ്ങൾ എന്നീ വാക്യങ്ങൾക്ക് പകരം രണ്ടിൽ കൂടുതൽ വ്യത്യസ്ത സംഘങ്ങൾ എന്ന് ആക്കണം.

7. മൂല നിയമത്തിലെ വകുപ്പ് 28 (എ)യിൽ മാറ്റം

(i) ഉപവകുപ്പ് (1) ൽ ഒരു വനിത അംഗം വാക്കുകളുടെ സ്ഥാനത്ത് ആകെ സീറ്റുകളിൽ മൂന്ന് വനിതാംഗങ്ങൾ പകരം ചേർക്കുക.

(ii) ഉപവകുപ്പ് (3) ൽ താഴെ താഴെപ്പറയുന്നത് പകരം ചേർക്കൽ

(3) വനിതകൾക്കോ പട്ടികജാതി/ പട്ടികവർഗ്ഗ വ്യക്തികൾക്കോ വേണ്ടി പ്രത്യേകം രൂപീകരിക്കുന്ന സംഘങ്ങൾ ഉൾപ്പെടെയുള്ള സംഘത്തിൽ വനിതാംഗങ്ങളുടെയോ പട്ടികജാതി/പട്ടിക വർഗ്ഗങ്ങൾ അംഗങ്ങളുടെയോ പ്രാതിനിധ്യം ഇല്ലായെങ്കിൽ അപ്രകാരമുള്ള സംഘങ്ങളുടെ അംഗങ്ങളിൽ നിന്നും സംഘം ഭരണസമിതിയിലേക്ക് വനിതാ അംഗങ്ങളേയും പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടുന്ന വ്യക്തികളേയും സർക്കാരോ രജിസ്ട്രാറോ നോമിനേറ്റ് ചെയ്യുന്നതായിരിക്കും.

8. മൂലനിയമം വകുപ്പ് 28 ൽ പുതിയ വകുപ്പ് '28 എ എ' കൂട്ടിച്ചേർക്കൽ നിലവിലുള്ള വകുപ്പ് '28 എഎ' 28 എബി ആകുന്നു. 28 എബിക്ക് മുൻപ് 28 എ എ ഉൾപ്പെടുത്തുന്നു.

'28 എഎ' ബാങ്കിംഗ് അനുഭവജ്ഞാനമുള്ളതോ പ്രൊഫസണൽ യോഗ്യത നേടിയതോ ആയ

ആശംസകളോടെ....

ഞങ്ങളുടെ പ്രിയ സുഹൃത്ത് ഇ.ഡി. സാബുവിന്റെ
പുതിയ സംരംഭത്തിന് ആശംസകൾ....

സ്റ്റാഫ്, വെണ്ണൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ - 675

വ്യക്തികൾക്ക് അർബൻ സഹകരണബാങ്ക് ഭരണസമിതിയിൽ സംവരണം- ഏതെങ്കിലും ഒരു അർബൻ സഹകരണബാങ്കിന്റെ നിബന്ധനകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ബാങ്കിംഗ് പരിചയമുള്ളവരോ പ്രൊഫഷണൽ യോഗ്യത നേടിയവരോ ആയ അംഗങ്ങൾക്ക് അപ്രകാരമുള്ള ബാങ്കുകളുടെ ഭരണസമിതിയിൽ രണ്ടിൽ കുറയാത്ത സീറ്റ് സംവരണം ചെയ്യപ്പെടേണ്ടതാണ്.

എന്നാൽ 2010 ലെ കേരള സഹകരണസംഘം ഭേദഗതി പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് രൂപീകരിക്കപ്പെട്ട അർബൻ കോ- ഓപ്പറേറ്റീവ് ബാങ്ക് ഭരണസമിതിക്ക് ഈ വകുപ്പ് ബാധകമാക്കേണ്ടതില്ല.

വിശദീകരണം

(i) ഈ വകുപ്പിന്റെ ആവശ്യാർത്ഥം ബാങ്കിങ്ങ് അനുഭവജ്ഞാനം ഉള്ളവർ എന്നാൽ വാണിജ്യബാങ്കുകളിലോ, സംസ്ഥാന സഹകരണ ബാങ്കിലോ, ജില്ലാ സഹകരണ ബാങ്കിലോ അർബൻ സഹകരണബാങ്കിലോ അഥവാ സർവ്വീസ് സഹകരണബാങ്കിലോ മാനേജീരിയൽ നിലവാരത്തിൽ ശമ്പളം പറ്റുന്നവർ എന്നർത്ഥമാക്കുന്നു.

(ii) പ്രൊഫഷണൽ യോഗ്യത എന്നാൽ ചാർട്ടേഡ് അക്കൗണ്ട്സ് ഓഫ് ഇൻഡ്യയിൽ അംഗത്വം ഉണ്ടായിരിക്കുകയോ അഥവാ ബിസിനസ് അഡ്മിനിസ്ട്രേഷനിൽ മാസ്റ്റേഴ്സ് ഡിഗ്രി ഉണ്ടായിരിക്കുകയോ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് ആന്റ് വർക്ക്സ് അക്കൗണ്ട്സ് ഓഫ് ഇൻഡ്യയിൽ അംഗത്വമുണ്ടായിരിക്കുകയോ അഥവാ ബാങ്കിംഗ് എക്സ്പീരിയൻസ് അഥവാ സഹകരണബാങ്ക് ഉൾപ്പെടെ കോമേഴ്സിൽ മാസ്റ്റേഴ്സ് ഡിഗ്രി എന്നർത്ഥമാകുന്നു.

9. വകുപ്പ് '28 ബി' ഭേദഗതി

(i) മൂല്യനിർണ്ണയം 28 ബി (1)ാം ഉപവകുപ്പിൽ കമ്മറ്റി വാക്കിനുശേഷം 'പ്രാതിനിധ്യ പൊതുയോഗവും' എന്ന വാക്കുകൾ കൂട്ടി ചേർക്കുക.

(ii) ഉപവകുപ്പ് (3) ൽ ഭരണസമിതിക്കുശേഷം പ്രതിനിധി പോതുയോഗം വാക്കുകൾ കൂട്ടിചേർക്കൽ

(iii) ഉപവകുപ്പ് (3) സർക്കാർ പദത്തിനുശേഷം രജിസ്ട്രാർ എന്ന പദം കൂട്ടി ചേർക്കുക.

(iv) ഉപവകുപ്പ് (4) ൽ കമ്മറ്റി എന്ന വാക്കിനുശേഷം പ്രാതിനിധ്യ പൊതുയോഗം എന്ന വാക്കുകൾ കൂട്ടി ചേർക്കുക

10. വകുപ്പ് 32 ൽ ഭേദഗതി

(1) മൂലനിയമം വകുപ്പ് 32 ൽ ഉപവകുപ്പ് (1) ൽ ഖണ്ഡിക 'ഡി'ക്ക് പകരം ഉൾപ്പെടുത്തൽ (ഡി) രേഖകൾ ദുരുപയോഗപ്പെടുത്തുകയോ നശിപ്പിക്കുകയോ അല്ലെങ്കിൽ അവയ്ക്ക് ഹാനി വരുത്തുകയോ അഥവാ ഏതെങ്കിലും തിരിമറിയോ തെറ്റായ നടപടിയോ മറച്ചുവയ്ക്കുന്നതിനായി രേഖകൾ നശിപ്പിക്കാൻ ഇടയാക്കുകയോ ചെയ്യുന്നു എന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം അദ്ദേഹത്തിന്, കമ്മറ്റിക്ക് ആക്ഷേപങ്ങൾ വല്ലതുമുണ്ടെങ്കിൽ ബോധിപ്പിക്കുവാൻ ഒരവസരം നൽകിയതിനുശേഷം രേഖാമൂലമായ ഉത്തരവ് പ്രകാരം കമ്മറ്റിയെ നീക്കം ചെയ്യാവുന്നതും തൽസ്ഥാനത്ത് സംഘകാര്യങ്ങൾ നടത്തുന്നതിന് ഒരു അഡ്മിനിസ്ട്രേറ്ററേയോ അഥവാ സംഘാംഗങ്ങളല്ലാത്ത മൂന്നുപേരിൽ അധികരിക്കാത്തതും അവരിൽ ഒരാൾ കൺവീനറായും ഉൾക്കൊള്ളുന്ന ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിയേയോ ഉത്തരവിൽ വ്യക്തമാക്കും പ്രകാരം ആറുമാസത്തിൽ കവിയാത്ത കാലത്തേക്ക് നിയമിക്കാവുന്നതും പ്രസ്തുത കാലാവധി രജിസ്ട്രാറുടെ വിവേചനാധികാരത്തിൽ കാലാകാലങ്ങളിൽ നീട്ടാവുന്നതും എന്നിരുന്നാലും ആകെ കാലാവധി ഒരു വർഷത്തിലധികരിക്കാൻ പാടില്ലാത്തതുമാകുന്നു.

വിശദീകരണം

ഈ ഖണ്ഡികപ്രകാരം നൽകുന്ന ഏതൊരു നോട്ടീസും ഉത്തരവും പ്രസിഡന്റിനോ അദ്ദേഹത്തിന്റെ അഭാവത്തിൽ വൈസ്പ്രസിഡന്റിനോ അഥവാ പ്രസിഡണ്ടിന്റേയോ വൈസ് പ്രസിഡന്റിന്റേയോ ചാർജ്ജ് വഹിക്കുന്ന ഏതെങ്കിലും ഭരണസമിതി അംഗത്തിനോ അല്ലെങ്കിൽ സംഘം ചീഫ് എക്സിക്യൂട്ടിവിനോ നൽകുന്ന ഉത്തരവ് സംഘം ഭരണസമിതിക്ക് നൽകിയതായി കണക്കാക്കാവുന്നതാണ്.

(ii) 1-ാം ഉപവകുപ്പ് ഖണ്ഡിക 'ഡി' ക്ക് ശേഷം തുടർച്ചയായി കൂട്ടി ചേർക്കുക.

(ഇ) ഈ വകുപ്പ് പ്രകാരം സൂപ്പർസീഡ് ചെയ്യപ്പെടുന്ന ഓരോ ഭരണസമിതി അംഗത്തിനും സൂപ്പർസെക്ഷൻ

ആശംസകളോടെ....
**കേരള കോ- ഓപ്പറേറ്റീവ് എംപ്ലോയീസ് ഫ്രണ്ട്**
**തൃശൂർ ജില്ലാ കമ്മറ്റി**
**കെ.എം. ചാക്കോ** (പ്രസിഡന്റ്) **കെ.എസ്. മോഹനൻ** (സെക്രട്ടറി)

ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ തുടർച്ചയായി രണ്ട് തവണകളിൽ ഭരണസമിതിയിലേക്ക് മത്സരിക്കുന്നതിനോ ഭരണസമിതിയിലേക്ക് നോമിനേറ്റ് ചെയ്യപ്പെടുന്നതിനോ സംഘത്തിന്റെ അഡ്മിനിസ്ട്രേറ്ററായി നിയമിക്കപ്പെടുന്നതിനോ അയോഗ്യത നിലനിൽക്കുന്നതായിരിക്കും.

12. മൂല്യനിയമം 36 'എ'യിൽ ഉൾകൊള്ളിക്കുന്നത്.

(i) സംസ്ഥാന സഹകരണബാങ്ക് അഥവാ ജില്ലാ സഹകരണബാങ്ക് പ്രാഥമിക വായ്പാ സംഘങ്ങൾക്കോ പ്രാഥമിക ഹൗസിംഗ് സംഘങ്ങൾക്കോ എന്ന വാക്കുകൾക്കുശേഷം ഒരു അർബൻ സഹകരണബാങ്കിനോ അഥവാ വായപാ പ്രവർത്തനം നടത്തുന്ന ഏതെങ്കിലും പ്രാഥമിക സംഘങ്ങൾക്കോ എന്ന വാക്കുകൾ ഉൾകൊള്ളിക്കുക.

(ii) മാറ്റങ്ങളോടെ എന്ന (Substituting) വാക്കിന് ശേഷം സംസ്ഥാന സഹകരണബാങ്ക്, ജില്ലാ സഹകരണബാങ്ക്, പ്രാഥമിക വായ്പാസംഘം അഥവാ പ്രാഥമിക ഹൗസിംഗ് സൊസൈറ്റി വാക്കുകൾക്കുശേഷം ഒരു അർബൻ സഹകരണബാങ്കിനോ അഥവാ വായ്പാ പ്രവർത്തനം നടത്തുന്ന ഏതെങ്കിലും പ്രാഥമിക സംഘങ്ങൾക്കോ എന്ന വാക്കുകൾ കൂട്ടിചേർക്കുക.

(iii) വിശദീകരണത്തിൽ സംസ്ഥാന സഹകരണബാങ്കിനോ അഥവാ ജില്ലാ സഹകരണബാങ്കിനോ പ്രാഥമിക കാർഷിക വായ്പ സംഘത്തിനോ അഥവാ പ്രാഥമിക ഹൗസിംഗ് സംഘത്തിനോ എന്ന വാക്കുകൾക്കുശേഷം അഥവാ ഒരു അർബൻ സഹകരണബാങ്കിനോ അഥവാ വായ്പാ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന പ്രാഥമിക സഹകരണസംഘങ്ങൾക്കോ എന്ന വാക്കുകൾ കൂട്ടിചേർക്കേണ്ടതാണ്.

13. വകുപ്പ് 37 ൽ ഭേദഗതി

മൂലനിയമത്തിൽ വകുപ്പ് (37) ൽ ഉപവകുപ്പ് (2) ൽ താഴെപ്പറയുന്ന വ്യവസ്ഥ കൂട്ടി ചേർക്കുക. വായ്പാ കുടിശ്ശികയോ വിധിസംഖ്യയോ സംബന്ധിച്ച് ശബളത്തിൽ നിന്നും ഈടാക്കേണ്ട ജീവനക്കാർക്ക് മുപ്പത് ദിവസം മുൻപ് അക്കനോളജ്മെന്റോടുകൂടിയ അറിയിപ്പ് നൽകാത്തപക്ഷം ഈ വകുപ്പിലെ വ്യവസ്ഥ ബാധകമാക്കാവുന്നതല്ല.

14. വകുപ്പ് (53) ൽ ഭേദഗതി

മൂലനിയമം വകുപ്പ് (53) ഖണ്ഡിക എഫ് നുശേഷം താഴെപ്പറയുന്ന ഖണ്ഡിക ഉൾക്കൊള്ളിക്കുക.

(ജി) ഇ വകുപ്പ് പ്രകാരം സർക്കാരിൽ നിന്നും ലഭിക്കുന്ന സാമ്പത്തികസഹായത്തിൽ സർക്കാരിന് നൽകേണ്ട സംഖ്യ തട്ടിക്കിഴിക്കുന്ന സംഗതിയിൽ മൊത്തം സഹായസംഖ്യാ തട്ടിക്കിഴിക്കലിന് മുൻപ് യഥാർത്ഥ ധനസഹായസംഖ്യയായി കണക്കാക്കേണ്ടതാണ്.

എന്നാൽ സർക്കാരിന് കിട്ടേണ്ടത് തട്ടിക്കിഴിക്കുന്ന കാര്യത്തിൽ അർഹിക്കുന്ന സംഗതിയിൽ സാമ്പത്തികസ്ഥിതി പരിഗണിച്ച് ഏതെങ്കിലും സംഘത്തെ സർക്കാരിന് ഒഴിവാക്കാവുന്നതാണ്.

തുടരും


## KERALA INSTITUTE OF MAKING THE BEST (KIMB), ALAPPUZHA

**തൃശൂർ ജില്ലയിൽ 2011 ആഗസ്റ്റ് മാസത്തിൽ നടത്തുന്ന പരിശീലന പരിപാടികൾ**

| പരിശീലന തിയ്യതി | വിഭാഗം |
|---|---|
| 2011 ആഗസ്റ്റ് 1 മുതൽ 6 വരെ | സൂപ്രവൈസറി കാഡർ PACS |
| 2011 ആഗസ്റ്റ് 8 മുതൽ 13 വരെ | സൂപ്രവൈസറി കാഡർ UCB |
| 2011 ആഗസ്റ്റ് 16 മുതൽ 20 വരെ | മിനിസ്റ്റീരിയൽ കാഡർ PACS |

**പരിശീലന കേന്ദ്രം : ഇരിങ്ങാലക്കുട ടൗൺ സഹകരണ ബാങ്ക് ഹെഡ്ഓഫീസ് ഹാൾ**

*For Registration*

Sabu E.D. : 9747300111 (PACS)
Peter Joseph : 9497063970 (UCB)

ആശംസകളോടെ....

**കേരള കോ–ഓപ്പറേറ്റീവ് എംപ്ലോയീസ് ഫ്രണ്ട്**

**മുകുന്ദപുരം താലൂക്ക് കമ്മറ്റി**

**ടി.എസ്. ദിലീപൻ** (പ്രസിഡന്റ്) **ദിപുജോസ്** (സെക്രട്ടറി)

# മണ്ണാർക്കാടിന്റെ മനസ്സറിഞ്ഞ ബാങ്ക്




പാലക്കാട് ജില്ലയിലെ കർഷകരും ഇടത്തരക്കാരും ഉൾപ്പെടുന്ന ഒരു ചെറിയ പ്രദേശമാണ് മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത്. കൃഷിയും അനുബന്ധ പ്രവർത്തനങ്ങളുമാണ് ജനങ്ങളുടെ വരുമാന മാർഗ്ഗം. 1984 വരെ ഈ പ്രദേശത്ത് മണ്ണാർക്കാട് സർവ്വീസ് സഹകരണ ബാങ്ക് എന്ന സ്ഥാപനം പ്രവർത്തിച്ചിരുന്നു. അഴിമതിയും ധൂർത്തും അതിരുവിട്ടപ്പോൾ 1984 ൽ ഗവൺമെന്റ് ആ സ്ഥാപനത്തെ ലിക്വിഡേറ്റ് ചെയ്തു. ജില്ലയിലെ സഹകരണ മേഖലക്ക് അതൊരു കനത്ത തിരിച്ചടിയായിരുന്നു. 1989 കാലഘട്ടത്തിൽ ജനങ്ങൾക്ക് സഹകരണ മേഖലയോട് തികഞ്ഞ അവജ്ഞയും അവമതിപ്പും ഉണ്ടായിരുന്ന ഘട്ടത്തിലാണ് ഈ ബാങ്കിന്റെ പിറവി.

1989 ലായിരുന്നു ബാങ്കിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ നടന്നത്. ശ്രീ. എം. ഉണ്ണീൻ ചീഫ് പ്രമോട്ടറായി പ്രമോട്ടിംഗ് കമ്മിറ്റി രൂപീകരിച്ചു. ഇപ്പോഴത്തെ ബാങ്കിന്റെ സെക്രട്ടറി ശ്രീ. എം. പുരുഷോത്തമനും പ്രമോട്ടിംഗ് കമ്മിറ്റിയിൽ അംഗമായിരുന്നു. 305 അംഗങ്ങളും 30,000/- രൂപ ഓഹരി മൂലധനവുമായി 1989 ഏപ്രിൽ 13-ാം തീയ്യതി ബാങ്ക് രജിസ്റ്റർ ചെയ്തു. ടൗണിൽനിന്നും 2 കിലോമീറ്ററോളം അകലെ വൈദ്യുതീകരിക്കുകപോലും ചെയ്യാത്ത ഒരു കൊച്ചു വാടക മുറിയിൽ 1989 മെയ് 17ന് ബാങ്ക് പ്രവർത്തമാരംഭിച്ചു. തുടർന്ന് വന്ന ആദ്യ ഭരണസമിതിയുടെ പ്രസിഡണ്ടായി ശ്രീ. എം. ഉണ്ണീൻ തെരഞ്ഞെടുക്കപ്പെട്ടു. ഇപ്പോഴത്തെ ബാങ്കിന്റെ സെക്രട്ടറിയും ഭരണസമിതി അംഗമെന്ന നിലയിൽ ഓണററി സെക്രട്ടറിയായി ചുമതലയേറ്റു. ചിട്ടയായ പ്രവർത്തനങ്ങളിലൂടെ ജനവിശ്വാസമാർജ്ജിച്ച് പടിപടിയായി ബാങ്കിന്റെ പ്രവർത്തനം വിപുലീകരിക്കാൻ സാധിച്ചു. പ്രവർത്തനത്തിന്റെ 4-ാം വർഷം അതായത് 1993 മുതൽ ബാങ്കിന്റെ പ്രവർത്തനം ലാഭകരമാക്കാൻ സാധിച്ചു. 1993 ൽ മണ്ണാർക്കാട് ടൗണിൽ സ്വന്തമായി 8 സെന്റ് സ്ഥലം വാങ്ങിക്കുകയും ബാങ്കിന്റെ സ്വന്തം കെട്ടിടം 1994 ഒക്ടോബർ 31 ന് മുൻമുഖ്യമന്ത്രി ആദരണീയനായ സ: ഇ.കെ.നായനാർ ഉദ്ഘാടനം ചെയ്തു. ടൗണിൽ സ്വന്തമായ കെട്ടിടത്തിലേക്ക് പ്രവർത്തനം മാറിയതോടെ ബിസിനസ്സിൽ ക്രമാനുഗതമായ പുരോഗതി കൈവരിക്കാൻ സാധിച്ചു. ഈ കാലയളവിൽതന്നെ ബാങ്കിന് മികച്ച പ്രവർത്തനത്തിന് സംസ്ഥാന സഹകരണ ബാങ്കിന്റേതുൾപ്പെടെ ഒട്ടേറെ അവാർഡുകൾ നേടിയെടുക്കാൻ സാധിച്ചു. 1993 മുതൽ തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുകയും മെമ്പർമാർക്ക് 1993 മുതൽ എല്ലാ വർഷവും പരമാവധി ലാഭ വിഹിതം നൽകി വരികയും ചെയ്തു വരുന്നു. ബാങ്കിന്റെ കീഴിൽ നിത്യോപയോഗ സാധനങ്ങൾ ന്യായവിലക്ക് ലഭ്യമാകുന്ന ഒരു നീതി സ്റ്റോറും എല്ലാവിധ മരുന്നുകളും 10% മുതൽ 20 % വരെ വിലക്കുറവിൽ ലഭിക്കുന്ന ഒരു നീതി മെഡിക്കൽ സ്റ്റോറും പ്രവർത്തിക്കുന്നു.

01.01.2000 മുതൽ ബാങ്കിന്റെ പ്രവർത്തനം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചതോടെ ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് സാധിച്ചു. 31.03.2004 ന് ബാങ്കിന്റെ പ്രഭാത-സായാഹ്ന ശാഖയും 28.03.2005ന് ബാങ്കിന്റെ തെങ്കര ശാഖയും, 08.04.2009 ന് ബാങ്കിന്റെ കുന്തിപ്പുഴ ശാഖയും പ്രവർത്തനമാരംഭിച്ചു.

ബാങ്കിന്റെ ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് എല്ലാവിധ ആധുനിക സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. 18.05.2008 ന് ശാഖകളെ തമ്മിൽ കമ്പ്യൂട്ടർ സംവിധാനംവഴി പരസ്പരം ബന്ധിപ്പിച്ചുകൊണ്ടുള്ള Any Branch Banking സംവിധാനവും നടപ്പിലാക്കി. ഇപ്പോൾ ബാങ്കിൽ ഇടപാടുകാർക്ക് ഇടപാടുവിവരങ്ങൾ SMS സംവിധാനം വഴി അറിയിക്കുന്ന സംവിധാനവും, ടെലിഫോൺ

ആശംസകളോടെ....
ആവിണിശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ -400
Ph : 0487-4594035
കെ. ശങ്കരൻ (പ്രസിഡന്റ്) ടി.ആർ. ബാലചന്ദ്രൻ (സെക്രട്ടറി)





മുഖാന്തിരം വിവരങ്ങൾ ലഭ്യമാകുന്ന പ്രത്യേക കമ്പ്യൂട്ടർ സംവിധാനവും (Tele Banking) നിലവിലുണ്ട്. ജീവനക്കാർക്ക് Bio metric സംവിധാനത്തിൽ അറ്റന്റൻസ് പഞ്ചിംഗ് സംവിധാനം (Thumb Impression) നടപ്പിലാക്കിയിട്ടുണ്ട്. ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡും നടപ്പിലാക്കിയിട്ടുണ്ട്. ബാങ്കിന്റെ ഹെഡ്ഡ് ഓഫീസ് ഇപ്പോൾ മണ്ണാർക്കാട് ടൗണിൽ 35 സെന്റ് സ്ഥലത്ത് സൗകര്യപ്രദമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 20000 ചതുരശ്ര അടിയിലുള്ള ഈ കെട്ടിടം പൂർണ്ണമായും എയർകണ്ടീഷൻ ചെയ്തിട്ടുണ്ട്. വിശാലമായ കാർപാർക്കിംഗ് സൗകര്യവും 1000 പേർക്ക് ഇരിക്കാവുന്ന ഓഡിറ്റോറിയവും അടങ്ങിയ ഈ കെട്ടിടത്തിന്റെ ഫർണിഷിംഗ് ജോലികൾ സഹകരണ സ്ഥാപനമായ RUBCO ആണ് നിർവ്വഹിച്ചിട്ടുള്ളത്. ബാങ്കിന്റെ രാത്രികാല സേവന വിഭാഗവും ഈ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. നാളിതുവരേയും ഒരു കടക്കാരന്റേയും സ്വത്തുക്കൾ ജപ്തി ചെയ്ത് ലേലം ചെയ്ത അനുഭവം ഈ ബാങ്കിന്റെ കഴിഞ്ഞ 21 വർഷക്കാല ചരിത്രത്തിലില്ല. ജപ്തിയും ലേലവും ഒഴിവാക്കി മറ്റു മാർഗ്ഗങ്ങളിലൂടെ കടം പരിച്ചെടുക്കുന്ന രീതിയാണ് ഈ ബാങ്ക് പിന്തുടർന്നുവരുന്നത്. അതുകൊണ്ടുതന്നെ ഇന്നേവരെ ഒരു കടക്കാരന്റേയും സ്വത്തുക്കൾ ജപ്തി ചെയ്യാത്ത ബാങ്ക് എന്ന അപൂർവ്വ ബഹുമതിയും ഈ ബാങ്കിന് സ്വന്തമായുള്ളതാണ്.

## Service Network

ബാങ്കിന്റെ പ്രവർത്തനപരിധിയിൽ ഹെഡ്ഡ് ഓഫീസ് കൂടാതെ 3 ശാഖകളും പ്രവർത്തിച്ചുവരുന്നു. 24 മണിക്കൂറും 365 ദിവസവും പ്രവർത്തിക്കുന്ന ഇന്ത്യയിലെതന്നെ ആദ്യബാങ്ക് എന്ന ബഹുമതി ഈ ബാങ്കിന് സ്വന്തമാണ്. രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന സേവന വിഭാഗത്തിൽ സ്വർണ്ണ പണയം ഉൾപ്പെടെയുള്ള എല്ലാവിധ ഇടപാടുകളും നടന്നുവരുന്നു.

ബയോമെട്രിക് സംവിധാനത്തിൽ പ്രവർത്തിക്കുന്ന ടച്ച് സ്ക്രീൻ കമ്പ്യൂട്ടർ ഇൻഫർമേഷൻ കിയോസ്ക് ഈ ബാങ്കിന്റെ മറ്റൊരു പ്രത്യേകതയാണ്. ഇടപാടുകാർക്ക് അവരവരുടെ അക്കൗണ്ടുകൾ നേരിട്ട് നോക്കി മനസ്സിലാക്കാൻ കഴിയുന്ന ടച്ച് സ്ക്രീൻ കമ്പ്യൂട്ടർ സംവിധാനമാണ് ഇത്. ഓരോ ഇടപാടുകാരനും വിരലടയാളം ഉപയോഗിച്ച് ഈ സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്.

## അവാർഡുകൾ

മികച്ച പ്രവർത്തനത്തിന് ദേശീയ പുരസ്കാരം നേടിയ ബാങ്കാണ് ഇത്. സംസ്ഥാന സഹകരണ ബാങ്കുകളുടെ ദേശീയ ഫെഡറേഷൻ NAFSCOB ഇന്ത്യയിൽ മികച്ചപ്രവർത്തനം നടത്തുന്ന PACS ന് നൽകുന്ന സുഭാഷ് യാദവ് നാഷണൽ അവാർഡ് ഒന്നാം സ്ഥാനം നേടുന്ന



ആശംസകളോടെ....
കാട്ടൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – 426
Ph : 2877367
വർഗ്ഗീസ് പുത്തനങ്ങാടി (പ്രസിഡന്റ്) ടി.വി. വിജയകുമാർ (സെക്രട്ടറി)

കേരളത്തിലെ ഏക ബാങ്കാണ് ഈ ബാങ്ക്. 2006-07 വർഷത്തിലെ **സുഭാഷ് യാദവ്** നാഷണൽ അവാർഡ് 29.04.2010 ന് ന്യൂഡൽഹിയിൽവെച്ച് നടന്ന ചടങ്ങിൽ റസർവ് ബാങ്ക് ഡെപ്യൂട്ടി ഗവർണർ ശ്രീ.കെ.സി.ചക്രവർത്തി ബാങ്കിന് സമ്മാനിച്ചു.

## Present Financial Particulars as on 30.05.2011

| Particulars | Amount in Lakhs |
|---|---|
| Total Deposits | 7,300 |
| Total Loan outstanding | 9,975 |
| Total Borrowings | 2,600 |
| Total Working Capital | 10,000 |
| Total Share Capital | 78 |

Total Number of A Class Members - 11200

% of Overdue - 14.5

ബാങ്കിൽ ഇപ്പോൾ 29 ജീവനക്കാർ ജോലിചെയ്യുന്നു. ആളോഹരി നിക്ഷേപവും വായ്പയും ഉയർന്ന തോതിലാണ്. ജില്ലാ ബാങ്കിന്റെ Development Action Plan (DAP) പ്രകാരം ഉയർന്ന ലാഭക്ഷമ തയും ഉണ്ട്. 25 ലക്ഷം ഉറുപ്പികവരെ വ്യക്തിഗത വായ്പകൾ നൽകിവരുന്നു. ജില്ലയിൽ ഏറ്റവും കൂടുതൽ വായ്പ വിതരണം ചെയ്യുന്ന സഹകരണ ബാങ്കാണ് ഇത്. എതിരില്ലാതെ തെരഞ്ഞെടുക്കുന്ന ഭരണസമിതികളാണ് ഈ ബാങ്കിൽ നാളിതുവരെ അധികാരത്തിൽ വന്നിട്ടുള്ളത് എന്നതും ഈ ബാങ്കിന്റെ മറ്റൊരു പ്രത്യേകതയാണ്. വളരെ എളിയ നിലയിൽ പ്രവർത്തനമാരംഭിച്ച് ചുരുങ്ങിയ കാലംകൊണ്ടു തന്നെ വലിയ പുരോഗതി കൈവരിക്കാൻ സാധിച്ചു എന്നതും ഈ ബാങ്കിന്റെ പ്രത്യേകതയാണ്.

വാശിയേറിയ തെരഞ്ഞെടുപ്പികളില്ലാതെ ഐക്യകണ്ഠേന തെരഞ്ഞെടുക്കപ്പെടുന്ന ഭരണ സമിതികളാണ് ബാങ്കിന്റെ ഭരണം നടത്തുന്നത്. ശ്രീ. എം. ഉണ്ണീൻ ആദ്യത്തെ പ്രസിഡണ്ടായിരുന്നു. ശ്രീ. കെ.പി.മസൂദ് രണ്ടാമത്തെ പ്രസിഡണ്ടും. ഇപ്പോഴത്തെ പ്രസിഡണ്ട് ശ്രീ. ടി.ആർ.സെബാസ്റ്റ്യൻ പ്രസിഡണ്ടുപദത്തിലെ മൂന്നാമത്തെയാളാണ്. അഡ്വ: കെ.സുരേഷ് (വൈസ് പ്രസിഡണ്ട്), ശ്രീ. സി.പി.പുഷ്പാനന്ദ്, ശ്രീ.കുന്നത്ത് മുഹമ്മദ്, ശ്രീ.പി. പ്രദീപ് കുമാർ, ശ്രീ.ടി.ചന്ദ്രൻ, ശ്രീ.എം. മൊയ്തീൻ, ശ്രീ.വി. ബാലസുബ്രഹ്മണ്യൻ, ശ്രീമതി സാവിത്രി തുടങ്ങിയവരാണ് ബാങ്കിന്റെ ഇപ്പോഴത്തെ ഭരണസമിതി അംഗങ്ങൾ.

ഐശ്വര്യത്തിന്റെ പൂക്കുലയും, വിശ്വാസത്തിന്റെ താക്കോലും, സഹകരണത്തിന്റെ ചാരുതയും സമന്വയിപ്പിക്കുന്ന ലോഗോയോടൊപ്പം ഇടപാടുകൾക്ക് വ്യക്തിബന്ധങ്ങളുടെ ഊഷ്മളത നൽകുന്ന The Pleasure of Personal Banking എന്നതാണ് ഈ ബാങ്ക് ഉയർത്തിപ്പിടിക്കുന്ന തത്വം. വളരെ എളിമയോടും അതിലേറെ അഭിമാനത്തോടുംകൂടി തങ്ങളുടെ സ്ഥാപനത്തെക്കുറിച്ച് ബാങ്ക് അധികൃതർ പറയുന്നത് **ഉജ്ജ്വലമായ ഭൂതകാലം**, **ആവേശകരമായ വർത്തമാനം**, **ഐശ്വര്യപൂർണ്ണമായ ഭാവി** എന്നതാണ്.

*കെ.എം. ചാക്കോ*

*എഡിറ്റർ*

ആശംസകളോടെ....

**ഏറിയാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – 98**

Ph : 2746891

**പി.ബി. അബ്ദു** (പ്രസിഡന്റ്)    **ഇ.എ. നഫീസ** (സെക്രട്ടറി)

# സഹകരണസംഘങ്ങളുടെ ക്ലാസ്സിഫിക്കേഷൻ

*പി.പി. ജോർജ്ജ്*
*എഡിറ്റർ*

സഹകരണനിയമപ്രകാരം വകുപ്പ് 80 (1) ചട്ടം 182 (1), അനുബന്ധം III എന്നിവയിലാണ് സഹകരണസംഘങ്ങളുടെ ക്ലാസ്സിഫിക്കേഷൻ സംബന്ധിച്ച നിബന്ധനകൾ വ്യവസ്ഥ ചെയ്തീട്ടുള്ളത്. മേൽപ്രകാരം സംസ്ഥാനത്തെ സഹകരണസംഘങ്ങളെ അവയുടെ സാമ്പത്തികസ്ഥിതി അനുസരിച്ച് അനുബന്ധം III –ൽ കാണുന്നവിധം തരംതിരിച്ചിരിക്കുന്നു. ചട്ടം 182 (1) പ്രകാരം ഗവൺമെന്റിന് സ്വഭിപ്രായപ്രകാരമോ, മറ്റു തരത്തിലോ രജിസ്ട്രാറുമായി ആലോചിച്ച ശേഷം മൂന്നു വർഷത്തിലൊരിക്കൽ അപ്രകാരമുള്ള ക്ലാസ്സിഫിക്കേഷൻ പുതുക്കാവുന്നതാണ്. സംഘങ്ങളെ ക്ലാസ്സിഫൈ ചെയ്യുന്നതിനായി സാമ്പത്തികസ്ഥിതി കണക്കാക്കുമ്പോൾ വർഷത്തിലെ 12 മാസങ്ങളിലെ ശരാശരി ശരാശരി സാമ്പത്തിക സ്ഥിതിയാണ് കണക്കാക്കേണ്ടത്. ഓരോ മാസത്തേയും തുകകൾ അതാതുമാസത്തെ അവസാന സ്ഥിതിയാണ് കണക്കാക്കേണ്ടത്. സംഘങ്ങളുടെ ക്ലാസ്സിഫിക്കേഷനുമായി ബന്ധപ്പെട്ട് അനുബന്ധം III ൽ G.O(P) No. 2/2010/Co.op.Dt.04/01/2010, G.O(P) No. 225/2010, Co-op/dt: 31/12/2010 എന്നീ ഉത്തരവുകൾ പ്രകാരം ഭേദഗതികൾ വരുത്തിയിട്ടുള്ളതാണ്. മേൽ ഉത്തരവുകൾ പ്രകാരം ക്ലാസ്സിഫിക്കേഷൻ നിബന്ധനകൾക്ക് 2010 ജനുവരി 4 മുതൽ ഭേദഗതി വ്യവസ്ഥകൾ ബാധകമാക്കിയിട്ടുള്ളതാണ്. ഏതെങ്കിലും സംഘങ്ങൾക്ക് മേൽ ഉത്തരവുകൾ പ്രകാരം സാമ്പത്തീക സ്ഥിതി കൈവരിക്കാൻ കഴിയാതെ പോയാൽ 6 മാസത്തേക്ക് ഇളവ് അനുവദിച്ചിട്ടുള്ളതാണ്. ഈ കാലാവുധി മതിയായ കാരണങ്ങൾ രേഖപ്പെടുത്തുന്ന പക്ഷം വീണ്ടും 6 മാസത്തേക്ക് നീട്ടി അനുവദിക്കുന്നതിന് സഹകരണസംഘം രജിസ്ട്രാർക്ക് അധികാരമുണ്ടായിരി ക്കുന്നതാണ്.

ക്ലാസ്സിഫിക്കേഷൻ നിബന്ധനകളിൽ വലിയ വർദ്ധനവുകൾ വരുത്തിയതായി പരാതികൾ ഉയരുന്നുണ്ട്. ഓഡിറ്റ് ക്ലാസ്സിഫിക്കേഷൻ നിർബന്ധമായും പാലിക്കപ്പെടേണ്ട വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയത് ഗുണകരമായെങ്കിലും ലാഭം, ഡിവിഡന്റ് എന്നീ വ്യവസ്ഥകളിലൊന്ന് നിർബന്ധമായും പാലിക്കപ്പെടേണ്ടതായതിനാൽ ഉയർന്ന നിക്ഷേപവും, വായ്പയും ഉള്ള വലിയ സംഘങ്ങൾ ക്ലാസ്സ് 5 ലേയ്ക്ക് തരംതാഴ്ത്തേണ്ട സ്ഥിതി സംജാതമായിരിക്കുകയാണ്. ഇത്തരം സംഘങ്ങളിലെ ജീവനക്കാർ മേൽ കാരണത്താൽ ആശങ്കയിലാണ്. പുതുക്കിയ മാനദണ്ഡങ്ങൾ കൈവരിക്കുന്നതിനായി ചുരുങ്ങിയത് 2 വർഷമെങ്കിലും സാവകാശം നൽകേണ്ടതാണെന്ന ചർച്ചകൾ സഹകരണമേഖലയിൽ ഗൗരവമായികൊണ്ടിരിക്കുകയാണ്. കൂടാതെ ലാഭം വേണമെന്ന നിബന്ധനയിലും ഇളവ് ലഭിക്കുമെന്ന പ്രതീക്ഷയിലുമാണ് ഈ മേഖലയിലെ ജീവനക്കാർ.

ക്ലാസ്സിഫിക്കേഷൻ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കിയിട്ടുള്ള ടേബിൾ താഴെ കൊടുക്കുന്നു. ഇതു സംബന്ധിച്ച വ്യവസ്ഥകൾ മേൽ ഉത്തരവുകൾ പരിശോധിച്ച് ബോദ്ധ്യപ്പെടുന്നത് നന്നായിരിക്കും.

ആശംസകളോടെ....
**ചാലക്കുടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – 192**
Ph: H.O: 2701266, Br: 2704655
**വി.എൽ. ജോൺസൻ** (പ്രസിഡന്റ്) 9048751835
**എം.വി. ശ്രീനിവാസൻ** (സെക്രട്ടറി) 9446144346

# CLASSIFICATION NORMS ACCORDING TO FINANCIAL POSITION

## Amended Rules As Per

## G.O. (P) 225/2010 Co-op dated 31/12/2010

**Rules shall be deemed to have come in to force on 04/01/2010**

| | Class I Special Grade | Class I | Class II | Class III | Class IV | Class V | Class VI |
|---|---|---|---|---|---|---|---|
| **1. Working Capital** | Rs. 30 Crores & above | Rs. 20-30 Crores | Rs. 14-20 Crores | Rs. 8-14 Crores | Rs 4.8 Crores | Rs. 2-4 Crores | Rs. 2 Crores |
| **2. Deposits** | Rs. 26 Crores & above | Rs. 18-26 Crores | Rs. 12-18 Crores | Rs. 7-12 Crores | Rs. 3-7 Crores | Rs. 1.5 - 3 Crores | Rs. 0.75 Crore |
| **3.Loans** | Rs. 22 Crores & above | Rs.16 Crores & above | Rs. 10 Crores & above | Rs. 6 Crores & above | Rs. 3 Crores& above | Rs. 1-3 Crores | Rs. 0.50 Crores |
| **4.Audit Classification** | For the previous 3 years - Not less than A | For the previous 3 years-Not les than B | For the previous 3 years- Not less than B | For the previous years- Not less than B | For the previous years- Not less than B | Latest- Not less than C | Latest -Not less than C |
| **5. Profit** | Should have worked on profit for the 2years within the immediately preceeding 5 years | Should have worked on profit for 2 years with in the immediately preceding 5 years | Should have worked on profit for the 1 year within the immediately preceding 3 years | Should have worked on profit for the 1 year within the immediately preceding 3 years | Should have worked on profit for 1 year during immediately preceding 3 years | | |
| **6.Dividend** | Any 1 year during 5 years | Any 1 year during 3 | Any 1 year during 3 | Any 1 year during 3 | Any 1 year during 3 | | |
| **7.Overdue** | Overdue under loans should not exceed 25% of the demand | Overdue under loans should not exceed 25% of the demand | Overdue under loans should not exceed 25% of the demand | Overdue under loans should not exceed 25% of the demand | Overdue under loans should not exceed 30% of the demand | Overdue under loans should not exceed 35% of the demand | Overdue under loans should not exceed 35% of the demand |

**General Note:-**

1. Requirement of additional staff if any, will be sanctioned by the RCS However, the Banks having branches other than Head Office Branch can appoint 1 Br. Mgr. 1, Clerk & 1 Peon for each branch with the approval RCS.
2. Societies having branches can appoint one (1) Branch Manager, One (1) Clerk, and One (1) Peon for each branch, with the approval of RCS. But the newly sanctioned branches should be run by deploying existing staff of the Bank and the staff pattern for branches will become eligible only after one year of its functioning and the RCS will sanction the post after assessing the transactions of the branch.
3. The ration between the post Sr. Clerk/Cashier, Jr. Clerk/Cashier in the Bank/Societies will be 1:1.

ആശംസകളോടെ....

കേരള കോ–ഓപ്പറേറ്റീവ് എംപ്ലോയീസ് ഫ്രണ്ട്

തൃശൂർ ജില്ലാ കമ്മറ്റി

കെ.എം. ചാക്കോ (പ്രസിഡന്റ്) കെ.എസ്. മോഹനൻ (സെക്രട്ടറി)

4. The societies having other non-credit activities such as distributing consumer articles, fertilizers may appoint additional staff required for the purpose, according to necessity, with prior sanction of RCS. But if the non credit activities/business are stopped by the Bank, or in the evaluation of such business by the Board of Directors of the Bank or the RCS, or Director of Co-operative Audit, and found the business is not satisfactory, and the continuance of the business will cause heavy loss to the Bank and the Board of the Bank may, or on the direction of the RCS/Director of Co-op: Audit, stop the business and terminate or retrench the service of the employees appointed for such purpose, or to accommodate them in the existing vacancies of the Bank if any, according to their qualification service if any with the prior approval of RCS.

5. Farmers Service Co-operative Bank may appoint technical staff such as Agricultural Demonstrators etc with the prior sanction of RCS.

6. The revised classification will not adversely affect the existing classification of the Bank/Societies and the staff strength for six months from the date of notification. The period of six months may be extended for six months, if necessary, by the RCS for sufficient reasons to be recorded. If any society does not reach the revised norms even after the above period, the classification of such societies will be reduced and re-fixed accordingly.

7. The existing employees in those Banks already having the number and staff over and above the limit fixed as per the above staff pattern will be given protection. Such excess posts shall be treated as supernumerary and shall be adjusted against future vacancies.

8. (I) In order to be classified as Class I special Grade, Class I, Class II, Class III and Class IV the Societies/Banks should satisfy the conditions 1,2,3, &7 above and any 2 of the remaining conditions. In order to be classified as Class V and Class VI the Societies/Banks should satisfy the conditions 1,2 and 3 above and any one of the remaining 2 conditions. provided that Employees Co-op; Societies/Banks need only satisfy the conditions 1,3,7 and any 3 of the remaining conditions for the classification into class III, IV and V as the case may be.

9. In the case of Primary Agricultural Credit Societies (PACS), Farmers Service Co-operative Banks (FSCB) Rural Banks the society should issue agricultural loans during the preceding three years, at the interest fixed by RCS of Co-op: Societies. The society should not charge interest on loans/ give interest on deposits more than the rate fixed by he RCS.

10. In order to calculate the amount of working capital, deposit, loan Outstanding for classifying the society, the average of the total amount outstanding at the end of each month for the preceding year should be taken into account.

11. The General Body Meeting of the society shall be held regularly as stipulated in section 29 of the KCS Act. 1969 (21 of 1969) and the statement and returns to be furnished to the RCS as prescribed in Rule 33 and to be certified by the Assistant Registrar/Joint Registrar concerned.

12. One post of Driver can be sanctioned if the Bank/Society is having a vehicle.

13. Classification made by the societies should be got classified and approved by the RCS before being implemented.

ആശംസകളോടെ....

**പരിയാരം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – 593**

Ph : 2746891

**ഉറുമീസ് മാസ്റ്റർ** (പ്രസിഡന്റ്) **കെ. എം. ചാക്കോ** (സെക്രട്ടറി)

# CLASSIFICATION & STAFF PATTERN (Revised)

| | Cl.I.Spl Grade | Class I | Class II | Class III | Class IV | Class V | Class VI | Class VII |
|---|---|---|---|---|---|---|---|---|
| **Secretary** | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| **Asst. Secy/Mgr** | 1 | 1 | 1 | 1 | | | | |
| **Chief Acct/Chief Cashier** | 1 | 1 | 1 | | | | | |
| **Internal Auditor** | 1 | 1 | 1 | | | | | |
| **Head Clerk/Acctt.** | 4 | 3 | 1 | 1 | 1 | 1 | | |
| **Sr. Clerk/Sr. Cashier/Jr.Cashier** | 14 | 10 | 6 | 5 | 3 | 2 | | 1 |
| **Typist /Data Entry Operators** | 2 | 1 | 1 | | | | | |
| **Attender** | 2 | 2 | 1 | 1 | 1 | | | |
| **Peons** | 3 | 3 | 2 | 2 | 1 | 1 | 1 | 1 |
| **Night Watchman** | 1 | 1 | 1 | 1 | | | | |
| **Total** | **30** | **24** | **16** | **12** | **7** | **5** | **2** | **3** |

**Note: -**

Class I Spl.Gr: 1) For every addl. Working capital of 3 crores, 1 addl. Clerk subject to a maximum C. 5 will be admissible.

(2) For every addl. 3 clerks 1 addl. H.C. will be admissible.

Class I :- (1) 1 addl.Clerk if working capital exceeds Rs. 25 crores.

Class II :- (1) 1 addl. HC if working capital exceeds 16 crores.

Class III:- (2) 2nd addl. Clerk if WC exceeds 18 crores.

Class III:- (1) 1 addl. Clerk if WC exceeds 11 crores.

Class IV:- (1) 1 addl. Clerk if WC exceeds 6 crores.

Class V:- (1) 1 addl clerk if WC exceeds 3 crores.

Class VI:- No notes.

Class VIII:- **(All other credit societies not falling under Class 1 to Class VI).**

സഹകരണ രംഗത്തെ
പുത്തൻ വിശേഷങ്ങളും നൂതന ആശയങ്ങളും...
www.sahakari.net

E.D. Sabu, Chief Administator
www.sahakari.net
P.O. Meladoor, Thrissur-680741
Ph: 9747300111

1st EDITION
sahakari സഹകാരി ഇ-മാഗസിൻ e magazine ജൂലൈ 2011

കവിത

# ശാപശില

(ജോസഫ് പൂമല)

പാർലമെന്റിൻ മുറ്റത്ത്
വെടിയൊച്ച കേൾക്കുന്നു.
തീവ്രവാദത്തിന്റെ ഭീകരശബ്ദം
യമുനാനദിയ്ക്ക് തീപിടിയ്ക്കുന്നു.
പാവന ഗംഗ പിന്നോട്ടൊഴുകുന്നു.
ബോധിവൃക്ഷത്തിന്റെ ഇലകൾ കൊഴിയുന്നു.
ഇന്ത്യതൻ ആത്മാവ് തേങ്ങി കരയുന്നു.
അഖണ്ഡഭാരതം കടലെടുക്കുന്നു.
ഭാരതസംസ്കാര ജീവിതമൊക്കെയും
അഭിമാനമായ് കുറിച്ചിട്ട -
ആദി ചരിത്രത്തിനേടുകളെല്ലാം
ഏതോ കൊടുങ്കാറ്റിൽ
പാറിപ്പറക്കുന്നു.
ഗാന്ധിയെ വീണ്ടും തേടുന്നു ഭാരതം
ഗാന്ധിയെവിടെ, കാരാഗൃഹത്തിലോ ?
നെഹ്റുവും പട്ടേലും ഉണ്ടായിരുന്നെങ്കിൽ
ഇന്ത്യയ്ക്ക് വേറൊന്നും വേണ്ടായിരുന്നു.
ഗാന്ധിതൻ ധർമ്മവും നെഹ്റുവിൻ ബുദ്ധിയും
പട്ടേലിൻ ശക്തിയും വീണ്ടും പിറക്കാനായ്
ഇന്ത്യയൊരഹല്യയായ് കാത്തിരിയ്ക്കുന്നു.
പുത്തൻ ഗാന്ധിതൻ പാദസ്പർശത്തിനായ്
ഇന്ത്യയൊരഹല്യയായ് കാത്ത് കിടക്കുന്നു
ശാപമോക്ഷത്തിനായ് കാത്ത് കിടക്കുന്നു.

ആശംസകളോടെ....
**കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഫ്രണ്ട്**
തൃശൂർ ജില്ലാ കമ്മറ്റി
കെ.എം. ചാക്കോ (പ്രസിഡന്റ്) കെ.എസ്. മോഹനൻ (സെക്രട്ടറി)